**ടി.കെ ഉബൈദ്**

**ഖുർആൻ ബോധനം**

# 1165

# സൂറ-41 / ഹാമീം അസ്സജദ - ഫുസ്സ്വിലത്

### സൂക്തം: 13-16

ആദു ജനത അന്നുണ്ടായിരുന്ന നാഗരിക സമൂഹങ്ങളിൽ ഏറ്റം സമ്പന്നരും ശക്തരുമായിരുന്നു. കൃഷിയിലും വ്യവസായത്തിലും വ്യാപാരത്തിലും അവർ മുന്നിട്ടു നിന്നു. വാസ്തു വിദ്യാ രംഗത്ത് ആദ് ജനത നേടിയ മികവിനെ ഖുർആൻ 26:128-ൽ അനുസ്മരിക്കുന്നുണ്ട്. ഈ നേട്ടങ്ങളിൽ അതിരുവിട്ട് അഹങ്കരിച്ച അവരെ ധർമ മാർഗത്തിലേക്ക് വീണ്ടെടുക്കാനെത്തിയ പ്രവാചകനെ അവർ പുഛിച്ചു തള്ളുകയായിരുന്നു. ആ നടപടിയാണ് ഒടുവിൽ അവരുടെ ഉന്മൂലനത്തിൽ കലാശിച്ചത്.

فَإِنْ أَعْرَضُوا۟ فَقُلْ أَنذَرْتُكُمْ صَٰعِقَةً مِّثْلَ صَٰعِقَةِ عَادٍ وَثَمُودَ ﴿١٣﴾

13. ഇനിയും ഈ ജനം അവഗണിച്ചുവെങ്കിൽ പ്രവാചകൻ അവരോടു പറയുക: ആദ്, ഥമൂദ് ജനതകളെ ബാധിച്ച പോലുള്ള ഒരിടിമിന്നൽ ബാധിക്കുമെന്ന് ഞാനിതാ നിങ്ങളെയും താക്കീതു ചെയ്യുന്നു.

إِذْ جَآءَتْهُمُ ٱلرُّسُلُ مِنۢ بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ أَلَّا تَعْبُدُوٓا۟ إِلَّا ٱللَّهَ ۖ قَالُوا۟ لَوْ شَآءَ رَبُّنَا لَأَنزَلَ مَلَٰٓئِكَةً فَإِنَّا بِمَآ أُرْسِلْتُم بِهِۦ كَٰفِرُونَ ﴿١٤﴾

14. അല്ലാഹുവിന്ന്- സാക്ഷാൽ സത്യദൈവത്തിനു- മാത്രം വഴിപ്പെട്ടുവാഴുവിൻ എന്ന സന്ദേശവുമായി ദൈവദൂതന്മാർ മുന്നിലൂടെയും പിന്നിലൂടെയും സമീപിച്ചുകൊണ്ടിരുന്നപ്പോൾ അവർ ഘോഷിച്ചു: ഞങ്ങളുടെ വിധാതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ മലക്കുകളെത്തന്നെ ഇറക്കുമായിരുന്നു. അതിനാൽ നിങ്ങൾ നിയോഗിക്കപ്പെട്ടിട്ടുള്ള ഈ സന്ദേശം ഞങ്ങൾ നിഷേധിക്കുന്നു.

**13,14**

فَإِنْ أَعْرَضُوا = (ഇനിയും) ഈ ജനം അഗവണിച്ചുവെങ്കിൽ فَقُلْ = (പ്രവാചകൻ) നീ (അവരോടു) പറയുക
أَنذَرْتُكُمْ = ഞാൻ (ഇതാ) നിങ്ങളെ താക്കീതു ചെ(യ്യുന്നു)യ്തു صَاعِقَةً = ഒരു ഇടിമിന്നൽ ബാധിക്കുമെന്ന്
مِّثْلَ صَاعِقَةِ عَادٍ وَثَمُودَ = ആദ്, സമൂദ് ജനതകളെ ബാധിച്ചതുപോലുള്ള ഇടിമിന്നൽ
إِذْ جَاءَتْهُمُ الرُّسُلُ = ദൈവദൂതന്മാർ അവരെ സമീപിച്ചുകൊണ്ടിരുന്നപ്പോൾ
مِن بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ = അവരുടെ മുന്നിലൂടെയും പിന്നിലൂടെയും

أَلَّا تَعْبُدُوا إِلَّا اللَّهَ = അല്ലാഹുവിനല്ലാതെ ഇബാദത്തു ചെയ്യാതിരിക്കുവീൻ (സാക്ഷാൽ സത്യദൈവത്തിനു മാത്രം വഴിപ്പെട്ടു വാഴുവീൻ എന്ന സന്ദേശവുമായിട്ട്

قَالُوا = (ഘോഷിച്ചു) അവർ പറഞ്ഞു لَوْ شَاءَ رَبُّنَا = ഞങ്ങളുടെ വിധാതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ

لَأَنزَلَ مَلَائِكَةً = അവൻ മലക്കുകളെ തന്നെ അയക്കുമായിരുന്നു

فَإِنَّا بِمَا أُرْسِلْتُم بِهِ = (നിങ്ങൾ നിങ്ങൾ യാതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിനെ (നിങ്ങൾ നിയോഗിക്കപ്പെട്ടിട്ടുള്ള സന്ദേശം) ഞങ്ങൾ

كَافِرُونَ = നിഷേധിക്കു(ന്നു)ന്നവരാകുന്നു

മുൻ സൂക്തങ്ങളിൽ നൽകിയ ഉദ്ബോധനങ്ങൾ അവഗണിച്ചുകൊണ്ട് ഈ വിഗ്രഹാരാധകർ നേരത്തെ 4,5 സൂക്തങ്ങളിൽ പരാമർശിച്ച തരത്തിൽ പ്രവാചകനോടും പ്രവാചക സന്ദേശത്തോടുമുള്ള നിഷേധവും വിരോധവും തുടരുകയാണെങ്കിൽ, അവരെപ്പോലെ സത്യ-ധർമങ്ങൾ നിഷേധിച്ചു വാണ പൂർവ സമുദായങ്ങൾ നേരിട്ട ദുരന്തങ്ങൾ ചൂണ്ടിക്കാണിച്ച് താക്കീതു ചെയ്യാൻ പ്രവാചകനോടാവശ്യപ്പെടുകയാണ്. ആദിന്റെയും ഥമൂദിന്റെയും സ്വാഇഖതുപോലുള്ള സ്വാഇഖതാണ് നിങ്ങൾക്കും പ്രതീക്ഷിക്കാനുള്ളത് صَاعِقَةً مِّثْلَ صَاعِقَةِ عَادٍ وَثَمُودَ . ഇടിനാദവും മിന്നൽ പിണരുമാണ് صَاعِقَة. അന്ധാളിപ്പിക്കുകയും ബോധം കെടുത്തുകയും ചെയ്യുന്ന യാദൃഛിക സംഭവത്തിനും ദുരന്തത്തിനും ഈ പദം ഉപയോഗിക്കുന്നു. യാദൃഛികമായി സംഭവിച്ച ദുരന്തവും വിപൽക്കരമായ സ്ഫോടനവുമാണ് ഇവിടെ ഉദ്ദേശ്യം.

അന്യം നിന്നുപോയ രണ്ട് അറബ് ഗോത്രങ്ങളാണ് ആദും ഥമൂദും. *അൽ അഅ്റാഫ്, അത്തൗബ, ഹൂദ്, ഇബ്റാഹീം, അൽഹജ്ജ്, അശ്ശുഅറാഅ്, സ്വാദ്, ഗാഫിർ* തുടങ്ങിയ സൂറകൾ ഈ ഗോത്രങ്ങളെ പരാമർശിച്ചിരിക്കുന്നു. ഇനിയും പല സൂറകൾ ഇവരെക്കുറിച്ചു പറയുന്നുണ്ട്. തലമുറകളായി കൈമാറി വന്ന ഐതിഹ്യങ്ങളിലൂടെ, അറബികൾക്ക് ഏറെ സുപരിചിതരായിരുന്നതുകൊണ്ടാണ് ഇവരെ ആവർത്തിച്ചനുസ്മരിക്കുന്നത്. എന്നാൽ ഇവരുടെ കാല-ദേശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വിരളമാണ്. നൂഹ് നബിക്കുശേഷം അതിപ്രബലരായി ഉയർന്നുവന്ന ആദ്യ ജനതയാണ് ആദ് എന്ന് അറേബ്യൻ വംശവിശാരദന്മാർ പറയുന്നു. നൂഹിന്റെ പുത്രൻ സാമിന്റെ പുത്രൻ ഇറമിന്റെ സന്തതികളിൽ നിന്നുണ്ടായ ഒൻപതു ഗോത്രങ്ങളിൽ ആദ്യത്തേതാണ് ആദ്. ഥമൂദ്, ത്വസം, ജദീസ്, ജുർഹും, ഉമൈം, അബീൽ, വബാർ, ഇംലീഖ് എന്നിവയാണ് ആദിന്റെ സഹോദര ഗോത്രങ്ങൾ. ആദ് ജനത നൂഹ് ജനതയുടെ خُلَفَاء ആണെന്ന് ഖുർആൻ 7:69-ൽ പറയുന്നുണ്ട്. خُلَفَاء പിൻഗാമികളാവാം. പ്രതിനിധികളുമാവാം. രണ്ടർഥത്തിലെടുത്താലും നൂഹ് നബിയുടെ തലമുറക്കുശേഷം ഏറെക്കാലം കഴിയും മുമ്പ് വളർന്നുവന്ന ഗോത്രമാണ് 'ആദ്' എന്നു മനസ്സിലാക്കാം. ആദിന്റെ കുലപതിയായ് 'ഇറം' നൂഹ് നബിയുടെ പൗത്രനായിരുന്നുവെന്നും ചരിത്രകാരന്മാർ പറയുന്നു. ഖുർആൻ 89: 6-7-ലെ أَلَمْ تَرَ كَيْفَ فَعَلَ رَبُّكَ بِعَادٍ ﴿٦﴾ إِرَمَ ذَاتِ الْعِمَادِ ﴿٧﴾ (നിന്റെ നാഥൻ ആദ് വംശത്തെ അഥവാ ഉന്നത സ്തൂപങ്ങൾക്കുടയവരായ ഇറമിനെ എന്ത് ചെയ്തുവെന്ന് നീ കണ്ടിട്ടില്ലെയോ) എന്ന വാക്യവും ആദ് നൂഹ് ജനതയുടെ പ്രതിനിധിയോ അടുത്ത പിൻഗാമിയോ ആണെന്ന വീക്ഷണത്തെ ബലപ്പെടുത്തുന്നു. ത്വറഫഃ, സുഹൈർ തുടങ്ങിയ പൂർവിക കവികൾ ഇവരെ കവിതകളിൽ പരാമർശിക്കുന്നുണ്ട്. നാബിഗഃയും ബനൂ ഹുദൈൽ കവികളും ആദിനെ പരാമർശിച്ചതായി കാണാം.

ആദു ജനത അന്നുണ്ടായിരുന്ന നാഗരിക സമൂഹങ്ങളിൽ ഏറ്റം സമ്പന്നരും ശക്തരുമായിരുന്നു. കൃഷിയിലും വ്യവസായത്തിലും വ്യാപാരത്തിലും അവർ മുന്നിട്ടു നിന്നു. വാസ്തു വിദ്യാ രംഗത്ത് ആദ് ജനത നേടിയ മികവിനെ ഖുർആൻ 26:128-ൽ അനുസ്മരിക്കുന്നുണ്ട്. ഈ നേട്ടങ്ങളിൽ അതിരുവിട്ട് അഹങ്കരിച്ച അവരെ ധർമ മാർഗത്തിലേക്ക് വീണ്ടെടുക്കാനെത്തിയ പ്രവാചകനെ അവർ പുഛിച്ചു തള്ളുകയായിരുന്നു. ആ നടപടിയാണ് ഒടുവിൽ അവരുടെ ഉന്മൂലനത്തിൽ കലാശിച്ചത്.

'ആദ്' ഒരു സാങ്കൽപിക ജനതയാണെന്ന് ചില ഓറിയന്റലിസ്റ്റ് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിപുരാതനം എന്നർഥമുള്ള പദമാണ് عاد. പുരാതന കാലം മുതലേ എന്ന അർഥത്തിൽ من عهد العاد എന്നും, അതിപുരാതനമായതിന് عادي എന്നും പറയാറുണ്ട്. കാലക്രമത്തിൽ عاد-നെ ഒരന്യംനിന്ന സമുദായമായി സങ്കൽപിച്ചു കഥകൾ ചമയ്ക്കുകയായിരുന്നു. അതൊക്കെ ചരിത്രമെന്നോണം ഉദ്ധരിക്കുകയാണ് ഖുർആൻ. ഈ വാദത്തിന് ഉന്നയിക്കപ്പെടുന്നത് രണ്ടു ന്യായങ്ങളാണ്. ഒന്ന്, ബൈബിൾ ഇങ്ങനെയൊരു ജനതയെക്കുറിച്ച് പറയുന്നില്ല. രണ്ട്, ആദിന്റെ ആവാസ കേന്ദ്രമായി പറയപ്പെടുന്ന ദക്ഷിണ അറേബ്യയിലെ മരുപ്രദേശം വാസയോഗ്യമോ കൃഷി യോഗ്യമോ നാഗരിക വികാസത്തിനുതകുന്നതോ ആയ ഭൂമിയല്ല. ഈ രണ്ടു ന്യായങ്ങളും അസാധുവാകുന്നു. عاد ആദ് വർഗത്തിന്റെ അറബി നാമമാണ്. ബൈബിളിന്റെ ഭാഷ അറബിയല്ല. ഭാഷ മാറുമ്പോൾ പേരുകളിൽ മാറ്റങ്ങളുണ്ടാവുക സാധാരണമാണ്. ഉദാഹരണത്തിന് അറബികളെ ഇസ്മായീല്യർ എന്നാണ് ബൈബിൾ വിളിക്കുന്നത്. അറബികൾ എന്നു പറയാറില്ല. മുദർ, തഗ്‌ലബ്, ഖുറൈശ്, ഖസ്റജ് തുടങ്ങിയ ഗോത്രനാമങ്ങൾ ഒട്ടും പരാമർശിക്കുന്നില്ല. അതൊക്കെ സാങ്കൽപിക ഗോത്രങ്ങളാണെന്നാണോ അതിനർഥം? ബൈബിൾ ആദിനെ പരാമർശിക്കുന്നില്ല എന്ന വാദവും ശരിയല്ല, ഉൽപത്തി 4:19,20-ൽ ഇങ്ങനെ കാണാം: ''ലാമെക്ക് രണ്ടു ഭാര്യമാരെ വരിച്ചു. ഒരുവളുടെ പേര് 'ആദാ'. മറ്റവളുടെ പേര് സില്ലാ. ആദാ യാബാലിനെ പ്രസവിച്ചു. അയാൾ കൂടാര വാസിക

ളായ കന്നുകാലി വളർത്തൽകാർക്ക് പിതാവായി''.

ദക്ഷിണ അറേബ്യയിൽ ആദ് ജനതയുടെ വാസസ്ഥലമായി പറയപ്പെടുന്ന പ്രദേശം വാസയോഗ്യമല്ലാത്ത മരുഭൂമിയാണ് എന്ന ന്യായത്തിന്റെ കാര്യവും ഇപ്രകാരം തന്നെ. ഇന്ന് ആ പ്രദേശം മനുഷ്യവാസത്തിന് യോഗ്യമല്ല എന്നതു ശരിയാണ്. എന്നാൽ എക്കാലത്തും അത് അങ്ങനെയായിരുന്നു എന്നതിന് തെളിവില്ല. അഗ്നിപർവത സ്ഫോടനം, ഭൂകമ്പം, മഹാപ്രളയം തുടങ്ങിയ പല കാരണങ്ങളാൽ ഒരു ഭൂപ്രദേശത്തിന്റെ പ്രകൃതി പാടെ മാറിപ്പോകാം. ദക്ഷിണ അറേബ്യയിലെ അഹ്ഖാഫ് പ്രദേശം അത്തരം ഏതോ അത്യാഹിതത്തിനു വിധേയമായിരിക്കാം എന്നു കരുതാൻ അനിഷേധ്യമായ ന്യായങ്ങളുണ്ട്. ഈ പ്രദേശത്ത് പൗരാണിക നിർമിതികളുടെ അവശിഷ്ടങ്ങൾ ചിതറിക്കിടക്കുന്നതായി ഗവേഷകർ കണ്ടെത്തിയിരിക്കുന്നു. പ്രദേശത്തെ സമതലങ്ങളുടെ മണ്ണിനടിയിൽ ശക്തമായ നീരൊഴുക്കുണ്ടായിരുന്നതായും, ഒരുകാലത്ത് അവിടം ഫല സമൃദ്ധമായിരുന്നതായും ഫിലിപ്പ് ഹിറ്റിയെപോലുള്ള പാശ്ചാത്യ ചരിത്രകാരന്മാർ പറയുന്നുമുണ്ട്. ആദുവർഗം പാർത്തിരുന്ന നാടുകൾ ഫലഭൂയിഷ്ഠവും ജലസമൃദ്ധവുമായിരുന്നുവെന്നു ഖുർആൻ 26:134-ഉം 46:24-ഉം സൂചിപ്പിക്കുന്നു.

അക്കാഡിയൻ സംസ്കാരം അറബികളിലൂടെ ഇറാഖിൽ പ്രചരിച്ചതായി ചരിത്രം പറയുന്നു. ആരാണ് അക്കാഡിയർ? അഖാ ആദി (اخا عاد)-ന്റെ തൽഭവമാണ് അക്കാഡ് എന്ന് കരുതുന്നവർ ഏറെയാണ്. അതായത് ആദിന്റെ സഹോദര സമൂഹമാണ് അക്കാഡ്. ഒരു പക്ഷെ ഇവരായിരിക്കാം ആദ് ഥാനിയ -عاد ثانية- രണ്ടാം ആദ്. ഒന്നാം ആദ് ആണ് عاد الأولى ഉന്മൂലനം ചെയ്യപ്പെട്ടത്.

ആദ് ഗോത്രത്തെപ്പോലെ നശീകൃതമായ മറ്റൊരു ഗോത്രമാണ് ഥമൂദ്. ഈ ഗോത്രത്തിന്റെ അസ്തിത്വം അറബി ഐതിഹ്യങ്ങൾക്കു പുറമെ അനറബി ചരിത്ര രേഖകളും സ്ഥിരീകരിച്ചിരിക്കുന്നു. ദൂമതുൽ ജൻദൽ (دومة الجندل) അൽ ഹിജ്ർ പ്രദേശങ്ങളിലായിരുന്നു ഇവർ അധിവസിച്ചിരുന്നത്. അവരുടെ കാലത്ത് ഈ ദേശം ഫലഭൂയിഷ്ഠവും സമ്പന്നവുമായിരുന്നു. ആദു ഗോത്രത്തെപ്പോലെ ഇവരും ഒരു വൻശക്തിയായിത്തീർന്നു. ബി.സി 715-ൽ അസ്സീറിയൻ രാജാവായിരുന്ന സാർഗോൺ രണ്ടാമന്റെ ലിഖിതങ്ങളിൽ, മധ്യപൂർവ അറേബ്യയിൽ അസ്സീറിയൻ ആധിപത്യത്തിനു കീഴിൽ ജീവിച്ചിരുന്ന സമുദായങ്ങളുടെ കൂട്ടത്തിൽ ഥമൂദ് ഗോത്രത്തെക്കുറിച്ചും പറയുന്നുണ്ട്. അരിസ്റ്റോട്ടിൽ, ടോളമി, പ്ലീനി തുടങ്ങിയ പാശ്ചാത്യൻ ചരിത്രകാരന്മാർ ഥമൂദി ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. അൽ അഅ്ശാ, ഉമയ്യത്തുബ്നു അബിസ്സൽത് തുടങ്ങിയ കവികൾ ഥമൂദിന്റെ ശക്തിയും പ്രതാപവും വർണിച്ചു പാടിയിട്ടുണ്ട്. ബൈബിളിലും ഥമൂദികൾ പരാമർശിക്കപ്പെട്ടിരിക്കുന്നു. നൂഹി(അ)ന്റെ പുത്രൻ സാമിന്റെ തന്നെ പിന്മുറക്കാരാണ് ഈ ഗോത്രവും.

ആദ്-ഥമൂദ് ഗോത്രങ്ങൾ പങ്കുവെക്കുന്ന ഗുണങ്ങൾ ഇവയാണ്: രണ്ടു കൂട്ടരും സെമിറ്റിക് വർഗത്തിൽപെട്ടവരായിരുന്നു. ദക്ഷിണ അറേബ്യയായിരുന്നു ഇരുവരുടെയും വാസസ്ഥലം. ഇരുകൂട്ടരും കാർഷിക-വ്യവസായ-വ്യാപാര രംഗങ്ങളിൽ ഏറെ വികസിച്ച നാഗരിക സമൂഹങ്ങളും അവരുടെ കാലത്തെ വൻശക്തികളുമായിരുന്നു. തങ്ങളുടെ സൗഭാഗ്യങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹമായി കരുതി അവന്റെ തൃപ്തിക്കൊത്തു സമീപിക്കുന്നതിനു പകരം എല്ലാം തങ്ങളുടെ കഴിവിന്റെയും പ്രതാപത്തിന്റെയും ഫലമെന്ന് അഹങ്കരിച്ച് ധാർഷ്ട്യത്തോടെ സ്വയം കൈകാര്യം ചെയ്യുകയായിരുന്നു അവർ. നീതിയും ധർമവും അവർ തീരുമാനിച്ചു. അവർക്കു വേണ്ട ദൈവങ്ങളെയും അവർ തന്നെ സൃഷ്ടിച്ചു. തങ്ങളുടെ നിലപാടുകൾക്കും നടപടികൾക്കും ആ ദൈവങ്ങളുടെ അംഗീകാരമുണ്ടെന്നു വാദിച്ചു. അധർമവും അക്രമവും പരമകാഷ്ഠയിലെത്തിയപ്പോൾ അവരെ സത്യത്തിലേക്കും ധർമത്തിലേക്കും വീണ്ടെടുക്കാൻ അല്ലാഹു ദൈവദൂതന്മാരെ നിയോഗിച്ചു. ദൈവദൂതന്മാരുടെ പൊതുവായ സന്ദേശം ഇതായിരുന്നു: ഏകനായ സാക്ഷാൽ സത്യദൈവത്തിൽ വിശ്വസിക്കുക. അവനല്ലാത്ത വ്യാജദൈവങ്ങളെയെല്ലാം വർജിക്കുക. അവന്റെ നൈതിക ധാർമിക നിയമങ്ങൾ അനുസരിച്ചു ജീവിക്കുക. ഈ ആദർശം നിങ്ങളെ പഠിപ്പിക്കുന്നതിനു വേണ്ടി അല്ലാഹു നിയോഗിച്ചയച്ച ദൂതന്മാരാകുന്നു ഞങ്ങൾ... പക്ഷെ രണ്ടു ഗോത്രങ്ങളും പ്രവാചകന്മാരെ പുഛിച്ചു തള്ളി. ങ്ഹും... നിങ്ങൾ ദൈവദൂതന്മാരൊന്നുമല്ല. ഞങ്ങളെപ്പോലുള്ള മനുഷ്യർ മാത്രമാണ്. അല്ലാഹു അവന്റെ ദൂതനായി മനുഷ്യനെ നിയോഗിക്കുന്നതെന്തിനാണ്. അവന് ദൂതന്മാരെ നിയോഗിക്കണമെന്നുണ്ടെങ്കിൽ, അവന്റെ സന്നിധിയിലുള്ള പരിശുദ്ധരായ മലക്കുകളെയാണ് നിയോഗിക്കുക, നിങ്ങളെപ്പോലെ ദുർബലരായ മനുഷ്യരെയല്ല. ഞങ്ങളെ പഠിപ്പിക്കാൻ ദൈവം ചുമതലപ്പെടുത്തിയിരിക്കുന്നു എന്ന് നിങ്ങൾ പറയുന്ന ഈ ആദർശമുണ്ടല്ലോ, ഞങ്ങളത് നിസ്സങ്കോചം നിഷേധിക്കുന്നു... പ്രവാചകന്മാർ പല രീതിയിൽ അവരുടെ യാഥാർഥ്യം ആളുകളെ ബോധ്യപ്പെടുത്താൻ ശ്രമിച്ചുനോക്കി. ദൈവദൂതന്മാർ അവരുടെ മുന്നിലൂടെയും പിന്നിലൂടെയും അവരുടെ അടുക്കൽ ചെന്നു. جَاءَتْهُمُ الرُّسُلُ مِن بَيْنِ أَيْدِيهِمْ وَمِنْ خَلْفِهِمْ എന്നാണ് മൂലവാക്യം. അവരെ യാഥാർഥ്യം ഗ്രഹിപ്പിക്കാൻ ആ ദൂതന്മാർ അവർക്ക് സാധ്യമായ പലപല രീതികളും മാർഗങ്ങളും അവലംബിച്ചു നോക്കി എന്നാണുദ്ദേശ്യം. ഒന്നിനുപിറകെ ഒന്നായി പല ദൈവദൂതന്മാർ അവരെ സമീപിച്ചു എന്നാണ് ചില പണ്ഡിതന്മാരുടെ വ്യാഖ്യാനം. സ്വജനത്തിൽനിന്നുള്ള പ്രവാചകന്മാരും അയൽനാടുകളിൽനിന്നുള്ള പ്രവാചകന്മാരും അവരെ പ്രബോധനം ചെയ്തു എന്നാണ് മറ്റു ചിലരുടെ വ്യാഖ്യാനം. ●

---

فَأَمَّا عَادٌ فَٱسْتَكْبَرُوا۟ فِى ٱلْأَرْضِ بِغَيْرِ ٱلْحَقِّ وَقَالُوا۟ مَنْ أَشَدُّ مِنَّا قُوَّةً ۖ أَوَلَمْ يَرَوْا۟ أَنَّ ٱللَّهَ ٱلَّذِى خَلَقَهُمْ هُوَ أَشَدُّ مِنْهُمْ قُوَّةً ۖ وَكَانُوا۟ بِـَٔايَٰتِنَا يَجْحَدُونَ ﴿١٥﴾

15. എന്നാൽ ആദ് ജനം ഭൂമിയിൽ അന്യായമായി അഹങ്കരിക്കുകയായിരുന്നു. അവർ വാദിച്ചു: ഞങ്ങളെക്കാൾ ശക്തരായി ആരുണ്ട്? അവരെ സൃഷ്ടിച്ച അല്ലാഹുവാണ് അവരെക്കാൾ ശക്തനെന്ന് ആ ജനം ആലോചിച്ചിട്ടില്ലെയോ? നമ്മുടെ സൂക്തങ്ങളെയൊക്കെയും അവർ നിഷേധിച്ചുകൊണ്ടേയിരുന്നു.

16. ഒടുവിൽ നാം ഏതാനും ദുർദിനങ്ങളിൽ ഭീകരമായ കൊടുങ്കാറ്റയച്ചു; അവരെ ഭൗതിക ജീവിതത്തിൽ തന്നെ ഹീനമായ ശിക്ഷ രുചിപ്പിക്കാൻ. പാരത്രിക ശിക്ഷ തന്നെയാകുന്നു അതിലേറെ ഹീനമായത്. അവിടെയും അവർ ആരാലും സഹായിക്കപ്പെടുന്നതല്ല.

فَأَرْسَلْنَا عَلَيْهِمْ رِيحًا صَرْصَرًا فِيٓ أَيَّامٍ نَّحِسَاتٍ لِّنُذِيقَهُمْ عَذَابَ ٱلْخِزْيِ فِي ٱلْحَيَوٰةِ ٱلدُّنْيَا ۖ وَلَعَذَابُ ٱلْأَخِرَةِ أَخْزَىٰ ۖ وَهُمْ لَا يُنصَرُونَ ﴿١٦﴾

**15,16**

فَأَمَّا عَادٌ = എന്നാൽ ആദ് (ജനം) فَاسْتَكْبَرُوا = അഹങ്കരിക്കുകയായിരുന്നു فِي الْأَرْضِ = ഭൂമിയിൽ, നാട്ടിൽ
بِغَيْرِ الْحَقِّ = (അന്യായമായി) ന്യായമില്ലാതെ وَقَالُوا = (വാദിച്ചു) അവർ പറഞ്ഞു
مَنْ أَشَدُّ مِنَّا قُوَّةً = (ശക്തരായി ആരുണ്ട്) ശക്തിയാൽ ഞങ്ങളെക്കാൾ കടുത്തവരാരാണ്
أَوَلَمْ يَرَوْا = (ആ ജനം ആലോചിച്ചിട്ടില്ലെയോ) അവർ കണ്ടിട്ടില്ലേ
أَنَّ اللَّهَ الَّذِي خَلَقَهُمْ = അവരെ സൃഷ്ടിച്ചവനായ അല്ലാഹു
هُوَ أَشَدُّ مِنْهُمْ قُوَّةً = ശക്തിയാൽ കടുത്തവൻ (ശക്തൻ എന്ന്) അവനാണ് അവരെക്കാൾ
وَكَانُوا بِآيَاتِنَا يَجْحَدُونَ = ആയിരുന്നു (ച്ചു കൊണ്ടേയിരുന്നു)ക്കുന്നവരും അവർ നമ്മുടെ സൂക്തങ്ങളെ നിഷേധി
فَأَرْسَلْنَا عَلَيْهِمْ = അയച്ചു (അവരുടെ നേരെ) മീതെ അവർക്കു നാം (ഒടുവിൽ) അപ്പോൾ
رِيحًا صَرْصَرًا = (ഭീകരമായ കൊടുങ്കാറ്റ്) ഒരു ശീതക്കാറ്റിനെ, ചുടുകാറ്റിനെ فِي أَيَّامٍ نَّحِسَاتٍ = ഏതാനും ദുർദിനങ്ങളിൽ
لِّنُذِيقَهُمْ = അവരെ രുചിപ്പിക്കാൻ عَذَابَ الْخِزْيِ = ഹീനമായ ശിക്ഷ فِي الْحَيَاةِ الدُّنْيَا = (തന്നെ) ഭൗതിക ജീവിതത്തിൽ
وَلَعَذَابُ الْآخِرَةِ = പാരത്രിക ശിക്ഷ തന്നെയാണ് أَخْزَىٰ = ഹീനമായത് (അതിലേറെ) ഏറ്റം
وَهُمْ لَا يُنصَرُونَ = സഹായിക്കപ്പെടുന്നതുമല്ല (അവിടെയും ആരാലും) അവർ

ഥമൂദ് ഗോത്രത്തെക്കാൾ പൗരാണികരാണ് ആദ് ഗോത്രം. സ്വന്തം ശക്തിയിലും സമ്പന്നതയിലും അഹങ്കരിച്ച് ആരോടും എന്തു ധിക്കാരവും പ്രവർത്തിക്കാൻ ധാർഷ്ട്യമുള്ളവരുമായിരുന്നു. ഇക്കാലത്തെ വൻ ശക്തികളെപ്പോലെ അവർ ഘോഷിച്ചുകൊണ്ടിരുന്നു: ലോകത്ത് ഏറ്റം സാമ്പത്തിക ശേഷിയും സൈനിക ശേഷിയുമുള്ളവരാണ് ഞങ്ങൾ. ഞങ്ങളെ വെല്ലാൻ ആരുമില്ല. ലോക വ്യവസ്ഥ ഞങ്ങൾ നിശ്ചയിക്കും. ഞങ്ങളുടെ നേതൃത്വത്തിലാണ് ലോകം ചലിക്കേണ്ടത്... ശക്തരായ തങ്ങളെ സൃഷ്ടിച്ചു പരിപാലിക്കുന്ന അല്ലാഹു അവരെക്കാൾ ശക്തനാണെന്ന സത്യം അവർ അശേഷം ഓർത്തില്ല. ഹൂദ്(അ) ആയിരുന്നു അവരിലേക്ക് നിയുക്തനായ പ്രവാചകൻ. അദ്ദേഹം അവർക്ക് സർവശക്തനായ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ വേണ്ടുവോളം കാണിച്ചുകൊടുത്തു. അവന്റെ ധർമ സൂക്തങ്ങൾ ആവർത്തിച്ച് ഓതിക്കൊടുക്കുകയും ചെയ്തു. അതൊക്കെയും നിർവിശങ്കം നിഷേധിച്ചു തള്ളിക്കൊണ്ട് അക്രമത്തിലും അധർമത്തിലും അനുദിനം മുന്നേറുകയാണവർ ചെയ്തത്. നിലപാട് തിരുത്താൻ അനുവദിച്ച അവധി അവസാനിച്ചപ്പോൾ അല്ലാഹു അവർക്കെതിരെ കൊടിയ ശിക്ഷയിറക്കി. സർവ നാശകമായ ഒരു കൊടുങ്കാറ്റായിരുന്നു അത്. رِيحًا صَرْصَرًا فِي أَيَّامٍ نَّحِسَاتٍ എന്നാണ് മൂലത്തിൽ ഈ കാറ്റിനെ വിവരിക്കുന്നത്. رِيحًا صَرْصَر-ന് ചില പണ്ഡിതന്മാർ കൊടും ചൂടുള്ള കാറ്റ് എന്ന് ചിലർ അതിശൈത്യമുള്ള കാറ്റ് എന്നും, ഇനിയും ചിലർ ഘോരശബ്ദത്തോടെയുള്ള കൊടുങ്കാറ്റ് എന്നും അർഥം പറഞ്ഞിരിക്കുന്നു. കാറ്റിന്റെ ഭീകരതയും നശീകരണ ശക്തിയുമാണ് ഈ വിശേഷണത്തിലൂടെ പ്രകാശിപ്പിക്കുന്നത് എന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നു. ദൗർഭാഗ്യവും ക്ലേശവും ദുരിതവുമൊക്കെയായ نَحْس ന്റെ ബഹുവചനമാണ് نحسات. ഭീകരമായ ഈ കാറ്റ് ഏഴുരാവും എട്ടു പകലും നിരന്തരം അടിച്ചു വീശിക്കൊണ്ടിരുന്നുവെന്ന് 69:7-ൽ പറയുന്നുണ്ട്. അവരുടെ സമ്പത്തും ശക്തിയും ശൗര്യവും ആ ദുർദിനങ്ങളിൽ അവർക്ക് ഒട്ടും പ്രയോജനപ്പെട്ടില്ല. ലോകത്ത് മഹാ പ്രതാപികളും ധിക്കാരികളുമായി വാണിരുന്നവർ ഈ ലോകത്തു തന്നെ നിന്ദിതരും നിസ്സഹായരുമായി ആ ദൈവിക ശിക്ഷക്ക് കീഴടങ്ങേണ്ടി വന്നു. അതിനെക്കാൾ ഹീനമായ ശിക്ഷയാണ് പരലോകത്ത് അവരെയും അവരെപ്പോലുള്ളവരെയും കാത്തിരിക്കുന്നത്. അവർ നേടിയ ഭൗതിക വിജയങ്ങളോ, ആരാധിച്ചിരുന്ന മിഥ്യാ ദൈവങ്ങളോ ഒന്നും അവിടെ അവരെ സഹായിക്കാനുണ്ടാവില്ല. ഖുർആൻ 7: 65-72, 11: 50-60, 22-31,-41, 96: 123-140, 69:6, 41:15, 26:128, 46, 21, 89:6-7 തുടങ്ങി അനേകം സ്ഥലങ്ങളിൽ ആദ് ജനതയെയും അവർക്കേർപ്പെട്ട വിനാശത്തെയും പരാമർശിക്കുന്നുണ്ട്. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ●